**ആത്മകഥ**

## കനൽപഥങ്ങളിൽ കാലിടറാതെ-2

# കോൺഗ്രസ് നേതാവിന്റെ ജമാഅത്ത് സ്നേഹം

**ടി.കെ ആലുവ**



**1949ലെ** മധ്യവേനൽക്കാലത്ത് ആലുവ ശിവരാത്രി മണൽപുറത്ത് വീണ്ടും ഒരു പ്രസംഗപരമ്പര സംഘടിപ്പിച്ചു. കെ.പി.സി.സി മുൻ പ്രസിഡന്റായിരുന്ന ടി.ഒ ബാവ സാഹിബ് തന്നെയായിരുന്നു സംഘാടകൻ. പല പ്രമുഖ വ്യക്തിത്വങ്ങളും പ്രസംഗിച്ചു. ഒരു ദിവസം പ്രസംഗിക്കേണ്ടിയിരുന്ന കെ.സി അബൂബക്കർ മൗലവിക്ക് എത്തിച്ചേരാൻ കഴിയില്ലെന്ന വിവരം ലഭിച്ചു. ഉടനെ ബാവ സാഹിബ് ഞങ്ങളെ വിളിച്ച് കൊച്ചിയിൽ ചെന്ന് ചേക്കുഞ്ഞി ഹാജിയെ കണ്ട് പ്രസംഗത്തിന് വിളിച്ചുകൊണ്ടുവരാൻ നിർദേശിച്ചു. പണ്ഡിതനും മതഭക്തനും ഉൽപതിഷ്ണുവുമായിരുന്നു ചേക്കുഞ്ഞി ഹാജി. മട്ടാഞ്ചേരി പള്ളിയിൽ മലയാള ഖുത്വ്ബ നടത്തുകയായിരുന്നു അദ്ദേഹം. ഞങ്ങൾ അദ്ദേഹത്തെ സമീപിച്ചു. പക്ഷേ മറുപടി നിരാശാജനകമായിരുന്നു. "എനിക്ക് തീരെ സുഖമില്ല. അതിനു പറ്റുന്ന പണ്ഡിതന്മാർ നമ്മുടെ അധീനത്തിലില്ല. ഒന്നുരണ്ട് ദിവസമായി ഒരാളെ ഇവിടെ കാണാറുണ്ട്. തൊപ്പിയും വസ്ത്രധാരണ രീതിയും കണ്ടിട്ട് ഒരു പണ്ഡിതനാണെന്ന് തോന്നുന്നു. അദ്ദേഹം അതാ ഇരിക്കുന്നു. നിങ്ങൾ വിളിച്ചു നോക്ക്." പള്ളിയുടെ ഒരു ഭാഗത്തിരുന്ന ആളെ ചൂണ്ടി അദ്ദേഹം പറഞ്ഞു. നീണ്ട താടിയും തടിച്ചുവെളുത്ത ശരീരവുമുള്ള അദ്ദേഹത്തിന്റെ അടുത്ത് ചെന്ന് ഞങ്ങൾ സലാം ചൊല്ലി. ഉറക്കത്തിൽനിന്ന് ഉണർന്ന പോലെ അദ്ദേഹം ഞങ്ങളെ നോക്കി സലാം മടക്കി. ഞങ്ങൾ വന്ന കാര്യമുണർത്തി. യാതൊരു മടിയും കൂടാതെ ഞങ്ങളോടൊപ്പം അദ്ദേഹം ആലുവയിലേക്ക് പുറപ്പെട്ടു.

**യോഗത്തിന്റെ ആരംഭത്തിൽത്തന്നെ ഹാജിസാഹിബ് എഴുന്നേറ്റു നിന്ന് സലാം പറഞ്ഞതിനു ശേഷം ആമുഖ ഭാഷണത്തിനായി എന്റെ പേരു വിളിച്ചു. ആദ്യം ഒന്നു ഞെട്ടിയെങ്കിലും പഴയ വിപ്ലവപ്രസംഗത്തിന്റെ ധൈര്യത്തിൽ എഴുന്നേറ്റ് ചെന്ന് മുന്നിൽനിന്നു. സലാം പറഞ്ഞതിനുശേഷം ഒന്നും പറയാൻ സാധിക്കുന്നില്ല. പ്രസ്ഥാനത്തിലേക്കു വരുന്നതിനു മുമ്പ് എന്തും വിളിച്ചു പറയാമായിരുന്നു. എന്നാൽ ഒരു ആദർശപ്രസ്ഥാനത്തിന്റെ ചട്ടക്കൂടിൽ നിൽക്കുമ്പോൾ എങ്ങനെയാണ് അപ്രകാരം സംസാരിക്കുക?**

എടപ്പാൾ സ്വദേശി താജുദ്ദീൻ സാഹിബായിരുന്നു അത്. അദ്ദേഹം പഠാൻകോട്ടിൽ മൗലാനാ മൗദൂദിയുടെ കൂടെ താമസിച്ചിട്ടുണ്ട്. ജമാഅത്ത് അംഗത്വം സ്വീകരിച്ചുകൊണ്ടാണ് അദ്ദേഹം കേരളത്തിൽ തിരിച്ചെത്തിയത്. വളാഞ്ചേരിയിൽ ജമാഅത്തെ ഇസ്‌ലാമി രൂപംകൊണ്ട ഉടനെ കൊച്ചിയും മട്ടാഞ്ചേരിയുമടങ്ങുന്ന പഴയ തിരുകൊച്ചി പ്രദേശത്തേക്ക് പ്രസ്ഥാന വ്യാപനത്തിനായി ഹാജി സാഹിബ് അദ്ദേഹത്തെ നിയോഗിച്ചതായിരുന്നു.

താജുദ്ദീൻ സാഹിബ് ഒരു മതപണ്ഡിതനോ പ്രസംഗകനോ അല്ല. ജീവിതത്തിൽ ഒരു സ്റ്റേജിൽ പോലും ഇതേവരെ കയറിയിട്ടുമില്ല. മനസ്സിൽ തിങ്ങിവിങ്ങി നിൽക്കുന്ന, താൻ തിരിച്ചറിഞ്ഞ ആശയാദർശങ്ങളെ എങ്ങോട്ടെങ്കിലും ഒന്ന് തുറന്നുവിടാനുള്ള തിടുക്കം അദ്ദേഹത്തിന് ആ വലിയ സ്റ്റേജിൽ കയറാൻ പ്രോത്സാഹനം നൽകുകയായിരുന്നു. പ്രസംഗം ആരംഭിച്ചു. *ഇസ്‌ലാംമതം* എന്ന പുസ്തകത്തിൽനിന്ന് കുറേ ഭാഗം അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. അത്രയും ഭാഗം ഒരുവിധത്തിൽ പറഞ്ഞുതീർത്തു. കേട്ടിരുന്നവർക്ക് ഒന്നും പിടികിട്ടിയില്ല. സദസ്യർ ഓരോരുത്തരായി പിരിഞ്ഞുപോയി. കുറേ നാളുകൾക്ക് ശേഷം *ഇസ്‌ലാംമതം* എന്ന പുസ്തകം വായിച്ചപ്പോഴാണ് അന്ന് താജുദ്ദീൻ സാഹിബ് പ്രസംഗിച്ചതിന്റെ പൊരുൾ എനിക്കും മനസ്സിലായത്.

പ്രസംഗം കഴിഞ്ഞ് ടി.ഒ ബാവ സാഹിബ് ഭക്ഷണം കഴിക്കാനായി താജുദ്ദീൻ സാഹിബിനെ ക്ഷണിച്ചു. ഒഴികഴിവുകൾ പറഞ്ഞ് ക്ഷണം സ്വീകരിക്കാതെ ഞങ്ങളുടെ കൂടെ തായിക്കാട്ടുകരയിലേക്ക് പോരാനായിരുന്നു അദ്ദേഹത്തിന് താൽപര്യം. കെ.ബി ഹൈദ്രോസ് സാഹിബിന്റെ വസതിയിലാണ് തങ്ങിയത്. സമയം രാത്രി രണ്ടുമണി. ഞങ്ങളെ മുമ്പിലിരുത്തി അദ്ദേഹം പറഞ്ഞു: "ജമാഅത്തെ ഇസ്‌ലാമി എന്ന ഒരു പ്രസ്ഥാനമുണ്ട്. മൗലാനാ മൗദൂദിയാണതിന്റെ സ്ഥാപകൻ. അദ്ദേഹം പഠാൻകോട്ട് ദാറുൽ ഇസ്‌ലാമിലാണുള്ളത്. അവിടെ ചിന്തിച്ചും എഴുതിയും തർബിയത്ത് നേടിയും അദ്ദേഹത്തിന് കീഴിൽ ധാരാളം പണ്ഡിതന്മാർ വളർന്നുവരുന്നുണ്ട്. *തർജുമാനുൽ ഖുർആൻ* എന്ന മാസിക അവിടെ നിന്നാണ് പുറത്തിറങ്ങുന്നത്. അതിൽ കൂടിയാണ് ജമാഅത്തിന്റെ ആശയങ്ങൾ പ്രചരിപ്പിക്കപ്പെടുന്നത്. ഞാൻ അവിടെ കുറച്ചുകാലം കഴിച്ചുകൂട്ടി തിരിച്ചുവന്നതാണ്. ഹാജി വി.പി മുഹമ്മദലി എന്നൊരാളാണ് കേരളത്തിൽ പ്രവർത്തനചുമതല വഹിക്കുന്നത്. ജമാഅത്ത് *പ്രബോധനം* എന്ന പേരിൽ ഒരു പത്രം പുറത്തിറക്കുന്നുണ്ട്. അതുമായി അദ്ദേഹം അടുത്ത ദിവസം കൊച്ചിയിൽ വരുന്നുണ്ട്. വി.പി മുഹമ്മദലി സാഹിബുമായി നിങ്ങൾ ബന്ധപ്പെടണം. ഇക്കാര്യം ഗ്രഹിക്കാൻ പറ്റുന്ന ആരെയെങ്കിലും കണ്ടെത്തണം എന്ന ഉദ്ദേശ്യത്തോടെയാണ് ഞാൻ കൊച്ചിയിൽ വന്നത്. നിങ്ങളെ കണ്ടുകിട്ടിയതിൽ ഞാൻ അതീവ സന്തുഷ്ടനാണ്.'' എന്നിങ്ങനെ കാര്യങ്ങളെല്ലാം ഒരുവിധം പറഞ്ഞൊപ്പിച്ചു. അതിനിടയിൽ കൊച്ചിയിൽ ജമാഅത്തുമായി ബന്ധപ്പെട്ടിരുന്ന അബ്ദുൽ ജബ്ബാർ മൗലവിയെയും എസ്.വി മുഹമ്മദ് കുട്ടിയെയും ഞങ്ങൾക്ക് പരിചയപ്പെടുത്തി. പത്രം പുറത്തിറങ്ങുമ്പോൾ വീണ്ടും വരാം എന്നു പറഞ്ഞ് പിറ്റേദിവസം താജുദ്ദീൻ സാഹിബ് തിരിച്ചുപോയി. അതായിരുന്നു ഇസ്‌ലാമിക പ്രസ്ഥാനവുമായുള്ള ബന്ധത്തിന്റെ തുടക്കം.

### ആദ്യ ഹംദർദ് ഹൽഖ

1949-ന്റെ മധ്യത്തിൽ താജുദ്ദീൻ സാഹിബ് ആദ്യലക്കം *പ്രബോധന*വുമായി വീണ്ടും വന്നു. പിന്നീട് രണ്ടാം ലക്കം *പ്രബോധന*ത്തിന് വരിക്കാരെ ചേർക്കാൻ കേരള ജമാഅത്ത് സ്ഥാപക അമീറും *പ്രബോധന*ത്തിന്റെ എഡിറ്ററുമായ വി.പി മുഹമ്മദലി ഹാജിയും ടി. ഇസ്ഹാഖലി മൗലവിയും താജുദ്ദീൻ സാഹിബും കൂടി ആലുവയിലെത്തി. മുൻകൂട്ടി വിവരം കിട്ടിയതുപ്രകാരം ആലുവാ മദ്റസത്തുൽ ഇസ്‌ലാമിയ്യയിൽ ഒരു യോഗത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഈ യോഗത്തിൽ ജനാബ് ടി.ഒ ബാവ സാഹിബും സന്നിഹിതനായി. ഹാജി സാഹിബ് സ്റ്റഡി ക്ലാസ്സിനു ശേഷം 'പ്രവർത്തനവൃന്ദം' (ഹംദർദ് ഹൽഖ) രൂപീകരിക്കാൻ സമയമായിട്ടില്ലെന്നും പ്രസ്ഥാനത്തെ നന്നായി പഠിച്ചറിഞ്ഞ ശേഷം മാത്രം മതി അതെന്നും അഭിപ്രായപ്പെട്ടു. അന്നേരം ടി.ഒ ബാവ സാഹിബ് പറഞ്ഞു: "ഇവിടെ ഒത്തുകൂടിയവർ പല സംഘടനകളുമായും ബന്ധമുള്ളവരാണ്. ജമാഅത്തുമായി സഹകരിക്കാൻ സന്നദ്ധരായവരെയൊക്കെ ഉൾപ്പെടുത്തി ഇപ്പോൾതന്നെ പ്രവർത്തനവൃന്ദം ഉണ്ടാക്കുന്നതാണ് നല്ലതെന്ന് തോന്നുന്നു. അല്ലെങ്കിൽ ഇവരൊക്കെ പല വഴിക്കും ചിതറിപ്പോകാനിടയുണ്ട്."

ബാവ സാഹിബിന്റെ അഭിപ്രായം അംഗീകരിച്ച് ഹാജി സാഹിബ് ആ യോഗത്തിൽ വെച്ചുതന്നെ ഹൽഖ രൂപീകരിച്ചു. ആലുവ കേന്ദ്രമായി രൂപവത്കരിച്ച ഈ ഹൽഖയായിരുന്നു ദക്ഷിണ കേരളത്തിലെ ആദ്യ ഹംദർദ് ഹൽഖ.

പതിനഞ്ചു പേരാണ് ആദ്യയോഗത്തിൽ സന്നിഹിതരായത്. അതിൽ വെച്ച് മോസ്കോ മൗലവിയെ നാസിം ആയി തെരഞ്ഞെടുത്തു. ടി.കെ മുഹമ്മദ്, കെ.ബി ഹൈദ്രോസ്, കെ.കെ ഹസൈനാർ, കെ.കെ അബ്ദുൽ ഖാദർ, പി.എസ് എന്നിവരായിരുന്നു ആദ്യ ഹംദർദുകൾ.

### ടി.ഒ ബാവ സാഹിബ്

1919 ജനുവരി 23ന് ആലുവ തോട്ടുമുഖത്ത് തറക്കണ്ടത്തിൽ വീട്ടിൽ ഊറാന്റെയും ഖദീജയുടെയും മകനായി ജനിച്ച ടി.ഒ ബാവ ചെറുപ്രായത്തിൽത്തന്നെ പൊതുപ്രവർത്തനങ്ങളിലും സാമൂഹ്യസേവനശ്രമങ്ങളിലും പങ്കാളിയായിരുന്നു. ഒരു മുസ്‌ലിം സംഘടനയിലും അംഗമായിരുന്നില്ലെങ്കിലും ഇസ്‌ലാമിക നവോത്ഥാനസംരംഭങ്ങൾക്ക് തുടക്കം മുതൽതന്നെ പിൻബലമേകിയ കോൺഗ്രസ് നേതാവായിരുന്നു അദ്ദേഹം.

1948ൽ ടി.ഒ ബാവയുടെ നേതൃത്വത്തിൽ ഉൽപ്പതിഷ്ണു പണ്ഡിതന്മാരെ വിളിച്ചുവരുത്തി ആലുവ ജുമാമസ്ജിദിനു മുമ്പിലുള്ള മദ്രസാ അങ്കണത്തിൽ നടത്തിയ പ്രസംഗ പരമ്പരയിലൂടെയാണ് ഞാനും ടി.ഒ. ബാവയും തമ്മിൽ പരിചയപ്പെടുന്നത്. പിന്നീട് ഞങ്ങൾ അടുത്ത



ടി.ഒ ബാവ സാഹിബുമൊന്നിച്ച്

**പ്രസ്ഥാനവുമായുള്ള ബാവസാഹിബിന്റെ ബന്ധത്തിന് 60 പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. ദക്ഷിണകേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യത്തെ പ്രവർത്തനവൃത്തം രൂപം കൊണ്ടത് ആലുവയിലായിരുന്നു. അന്ന് രൂപീകരണയോഗത്തിൽ സംബന്ധിച്ച 15 പേരിൽ ഒരാൾ ടി.ഒ ബാവ സാഹിബായിരുന്നു.**

സുഹൃത്തുക്കളായി. ഒരു കമ്യൂണിസ്റ്റുകാരനായ ഞാൻ താൽപര്യപൂർവ്വം പ്രസംഗം ശ്രവിക്കാൻ വരുന്നതിൽ അതീവ സന്തുഷ്ടനായിരുന്നു അദ്ദേഹം.

പ്രസ്ഥാനവുമായുള്ള ബാവസാഹിബിന്റെ ബന്ധത്തിന് 60 പതിറ്റാണ്ടിന്റെ പഴക്കമുണ്ട്. ദക്ഷിണകേരളത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ ആദ്യത്തെ പ്രവർത്തനവൃത്തം രൂപം കൊണ്ടത് ആലുവയിലായിരുന്നു. അന്ന് രൂപീകരണ യോഗത്തിൽ സംബന്ധിച്ച 15 പേരിൽ ഒരാൾ ടി.ഒ ബാവ സാഹിബായിരുന്നു. അദ്ദേഹം ഹാജി സാഹിബിനോട് പറഞ്ഞു: "ഞാൻ ഒരു സജീവ രാഷ്ട്രീയപ്രവർത്തകനായതിനാൽ സംഘടനയിൽ ചേരുന്നില്ല. എന്നാലും എന്റെ എല്ലാവിധ സഹായസഹകരണങ്ങളും എന്നും നിങ്ങൾക്കുണ്ടാകും."

സംസ്ഥാനത്തെ പ്രമുഖ രാഷ്ട്രീയ നേതാവായിരിക്കെ ജമാഅത്തെ ഇസ്‌ലാമിയോട് ബാവസാഹിബിനെപ്പോലെ അടുപ്പവും പ്രതിബദ്ധതയും പുലർത്തിയ മറ്റൊരാളില്ല. 1957 ൽ ആലുവയിൽ നടന്ന സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് അവിസ്മരണീയമാണ്. സമ്മേളനം തടയാനും ബഹിഷ്കരിക്കാനും പലരും ശ്രമിച്ചപ്പോൾ അത് വിജയിപ്പിക്കാൻ അദ്ദേഹം എല്ലാ വിധ സഹായവും നൽകുകയും പരസ്യമായി പ്രസ്ഥാനത്തെ പിന്തുണക്കുകയും ചെയ്തു. തന്റെ രാഷ്ട്രീയ സ്വാധീനവും നേതൃപരമായ സാധ്യതകളും ഇസ്‌ലാമിക പ്രസ്ഥാനത്തിനനുഗുണമായി ഉപയോഗിക്കാൻ അദ്ദേഹത്തിന് ഒട്ടും മടിയുണ്ടായിരുന്നില്ല. ഇന്ത്യൻ നാഷണൽ കോൺഗ്രസ് ജമാഅത്തിനെതിരെ വർഗീയത ആരോപിച്ചപ്പോഴൊക്കെ അത് ശുദ്ധ അസംബന്ധമാണെന്ന് തുറന്നു പറഞ്ഞ ബാവ സാഹിബ് എ.ഐ.സി.സി ജമാഅത്തിനെതിരെ പ്രമേയം പാസ്സാക്കാൻ ശ്രമിച്ചപ്പോഴെല്ലാം അതിനെ ശക്തമായി എതിർത്തുപോന്നു. അടിയന്തരാവസ്ഥാകാലത്ത് പ്രസ്ഥാനത്തെ നിരോധിച്ചപ്പോൾ അത് തീർത്തും തെറ്റായ നടപടിയാണെന്ന് തുറന്നു പ്രഖ്യാപിക്കാൻ ധൈര്യം കാണിച്ച അപൂർവ്വ രാഷ്ട്രീയ നേതാക്കളിൽ ഒരാളാണ് അദ്ദേഹം. 1992 ൽ ബാബരി മസ്ജിദിന്റെ തകർച്ചയെത്തുടർന്ന് പ്രസ്ഥാനത്തെ നിരോധിച്ചപ്പോഴും ബാവ സാഹിബ് തന്റെ അമർഷവും പ്രതിഷേധവും പ്രകടിപ്പിച്ചു. ജമാഅത്തെ ഇസ്‌ലാമിയോടുള്ള അദ്ദേഹത്തിന്റെ ഈ ഹൃദയബന്ധം തന്നെയാവാം ജീവിച്ചിരിക്കുന്ന ഏകമകൻ ഹാഷിം പ്രസ്ഥാന പ്രവർത്തകനാകാൻ കാരണം. ആലുവയിലെ കാർക്കൂനായ ടി.ബി ഹാഷിം ഹൽഖാ നാസിമും ജില്ലാ സമിതി അംഗവുമൊക്കെയായി പ്രവർത്തിച്ചിട്ടുണ്ട്. (ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി എറണാകുളം ജില്ലാ അസി. സെക്രട്ടറി). മകൻ ജമാഅത്തെ ഇസ്‌ലാമി പ്രവർത്തകനായതിൽ ബാവസാഹിബിന് തികഞ്ഞ സംതൃപ്തിയും അഭിമാനവുമാണ് ഉണ്ടായിരുന്നത്. രാഷ്ട്രീയ രംഗത്ത് ഉന്നതങ്ങളിലെത്തിയിട്ടും ജീവിതത്തിലുടനീളം വിനയവും വിശുദ്ധിയും പുലർത്താൻ കഴിഞ്ഞ നേതാവായിരുന്നു ടി.ഒ ബാവ.

### പ്രസ്ഥാന മാർഗത്തിലെ ആദ്യ പ്രസംഗം

ആലുവയിൽ ഹംദർദ് ഹൽഖ രൂപീകരിച്ചതിനു ശേഷം ഹാജിസാഹിബിന്റെ അധ്യക്ഷതയിലാണ് ആദ്യ ഹൽഖാ യോഗം നടക്കുന്നത്. ആ യോഗത്തിൽ അഞ്ച് ഹംദർദുകളാണ് പങ്കെടുത്തിരുന്നത്. യോഗത്തിന്റെ ആരംഭത്തിൽത്തന്നെ ഹാജിസാഹിബ് എഴുന്നേറ്റു നിന്ന് സലാം പറഞ്ഞതിനു ശേഷം ആമുഖ ഭാഷണത്തിനായി എന്റെ പേരു വിളിച്ചു. ആദ്യം ഒന്നു ഞെട്ടിയെങ്കിലും പഴയ വിപ്ലവപ്രസംഗത്തിന്റെ ധൈര്യത്തിൽ എഴുന്നേറ്റ് ചെന്ന് മുന്നിൽനിന്നു. സലാം പറഞ്ഞതിനുശേഷം ഒന്നും പറയാൻ സാധിക്കുന്നില്ല. പ്രസ്ഥാനത്തിലേക്കു വരുന്നതിനു മുമ്പ് എന്തും വിളിച്ചു പറയാമായിരുന്നു. എന്നാൽ ഒരു ആദർശപ്രസ്ഥാനത്തിന്റെ ചട്ടക്കൂടിൽ നിൽക്കുമ്പോൾ എങ്ങനെയാണ് അപ്രകാരം സംസാരിക്കുക? കുറച്ചുനേരം ആലോചിച്ചുനിന്ന ശേഷം നാം മനസ്സിലാക്കിയ ഈ ആദർശപ്രസ്ഥാനത്തിൽ അടിയുറച്ചു നിൽക്കണമെന്നും പ്രസ്ഥാനമാർഗത്തിൽ എന്തു ത്യാഗവും സഹിക്കാൻ സന്നദ്ധരാവണമെന്നും ഒരുവിധത്തിൽ പറഞ്ഞൊപ്പിച്ചു. ഈ വാക്കുകളായിരുന്നു പ്രസ്ഥാനമാർഗത്തിലെ എന്റെ ആദ്യശബ്ദം.

### കൊച്ചിയിലെ ഹംദർദ് ഹൽഖ

മട്ടാഞ്ചേരിയിൽ കച്ചവടം നടത്തിയിരുന്ന വി.എം അബ്ദുൽജബ്ബാർ മൗലവി എടപ്പാളിൽനിന്ന് പ്രസ്ഥാനത്തിന്റെ പ്രചാരണാർഥം കൊച്ചിയിലെത്തിയ താജുദ്ദീൻ സാഹിബുമായി പരിചയപ്പെട്ടു. അദ്ദേഹത്തിലൂടെ അബ്ദുൽജബ്ബാർ മൗലവി പ്രസ്ഥാനത്തെ മനസ്സിലാക്കി. പിന്നീട് *ഇസ്‌ലാം മതം* ഇടവ പ്രസ്സിൽ അച്ചടിപ്പിക്കാനായി ആലുവയിലെത്തിയ ഹാജിസാഹിബും താജുദ്ദീൻ സാഹിബും കൊച്ചി ബോട്ടുജെട്ടിയിൽ വെച്ച് വീണ്ടും അബ്ദുൽജബ്ബാർ മൗലവിയുമായി സന്ധിച്ചു. അവർ എറണാകുളത്തെ പാർക്കിലിരുന്ന് ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ച് വിശദമായി സംസാരിച്ചു. മൗലവിയുടെ സംശയങ്ങളെല്ലാം ഹാജിസാഹിബ് തീർത്തുകൊടുത്തു. അവിടെ വെച്ചുതന്നെ അദ്ദേഹം ജമാഅത്തുകാരനായി. തൊട്ടടുത്ത ദിവസം അബ്ദുൽ ജബ്ബാർ മൗലവിയുടെ വീട്ടിൽ ഹാജീസാഹിബിന്റെ സ്റ്റഡീക്ലാസ്സ് ആരംഭിച്ചു. അത് നാലു ദിവസം നീണ്ടുനിന്നു. മൗലവിയുടെ ശ്രമഫലമായി ധാരാളം ആളുകൾ ക്ലാസ്സിൽ സംബന്ധിച്ചു. സ്റ്റഡീക്ലാസ്സിന്റെ അവസാന ദിവസം ഹിമായത്തുൽ ഇസ്‌ലാം എന്ന പേരിൽ ഒരു സംഘടനക്ക് രൂപംനൽകി. ഇസ്‌ലാമിന്റെ ശരിയായ രൂപം ജനങ്ങളിലെത്തിക്കലായിരുന്നു അതിന്റെ ലക്ഷ്യം. അബ്ദുൽജബ്ബാർ മൗലവിതന്നെയായിരുന്നു അതിന്റെ പ്രസിഡന്റ്. അന്ന് ആ സംഘടനയിലുണ്ടായിരുന്ന മറ്റു പ്രമുഖരായിരുന്നു കെ.ഇ. അഹ്മദ് കുട്ടി ഹാജി(പള്ളുരുത്തി ഹാജി), എസ്.വി. മുഹമ്മദ് തുടങ്ങിയവർ. ഈ സംഘടനയാണ് കൊച്ചിയിലെ ജമാഅത്തെ ഇസ്‌ലാമി ഘടകമായി മാറിയത്. കൊച്ചിയിലെ കപ്പലണ്ടി മൊക്കിൽ പടിഞ്ഞാറെ പള്ളിക്കു സമീപം മൗലവിയും അനുജൻ മുഹമ്മദും താമസിച്ച സ്ഥലത്ത് ജമാഅത്തെ ഇസ്‌ലാമി ഓഫീസ് പണിത് പ്രസ്ഥാന പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

ആലുവയിൽ ഹംദർദ് ഹൽഖ രൂപീകരിച്ച്(1949 സെപ്റ്റംബർ 26) ഒരുമാസത്തിനുശേഷം കൊച്ചിയിലും ഹൽഖ രൂപീകരിച്ചു. കൊച്ചി ആലുവ മേഖലകളിലെ ഫുൾടൈം പ്രവർത്തകനായി എന്നെ നിയോഗിച്ചു. കൊച്ചിയിൽ പ്രാദേശിക ജമാഅത്ത് സ്ഥാപിതമായപ്പോൾ കൊച്ചി ജമാഅത്തിന്റെ അമീറായി മുഹമ്മദ് അബ്ദുൽ ജലാൽ മൗലവിയും എത്തി.

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ തെക്കൻകേരളത്തിലെ പ്രവർത്തന കേന്ദ്രമായി കൊച്ചി മാറി. തെക്കൻകേരളത്തിലെ പ്രസ്ഥാനവ്യാപനത്തിനായി ഹാജീസാഹിബ് കൊച്ചിയിൽ വന്ന് ക്യാമ്പ് ചെയ്തിരുന്നു. അദ്ദേഹത്തിനു ശേഷം ടി. മുഹമ്മദ് കൊടിഞ്ഞി, കെ. അബ്ദുസ്സലാം മൗലവി, കെ. മൊയ്തു മൗലവി,



**താജുദ്ദീൻ സാഹിബ് ഒരു മതപണ്ഡിതനോ പ്രസംഗകനോ അല്ല. ജീവിതത്തിൽ ഒരു സ്റ്റേജിൽ പോലും ഇതേവരെ കയറിയിട്ടുമില്ല. മനസ്സിൽ തിങ്ങിവിങ്ങി നിൽക്കുന്ന, താൻ തിരിച്ചറിഞ്ഞ ആശയാദർശങ്ങളെ എങ്ങോട്ടെങ്കിലും ഒന്ന് തുറന്നുവിടാനുള്ള തിടുക്കം അദ്ദേഹത്തിന് ആ വലിയ സ്റ്റേജിൽ കയറാൻ പ്രോത്സാഹനം നൽകുകയായിരുന്നു.**

എൻ.എം. ശരീഫ് മൗലവി, എം.പി. കുഞ്ഞുമുഹമ്മദ്, പി.വി. കുഞ്ഞുമൊയ്തീൻ മൗലവി, കെ.ടി. അബ്ദുർറഹീം സാഹിബ് തുടങ്ങിയവരും കൊച്ചി ഉൾപ്പെടെയുള്ള തെക്കൻകേരളത്തിലെ ജമാഅത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരാണ്.

കൊച്ചിയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചവരിൽ പ്രമുഖരാണ് കെ.ഇ അഹ്മദ് കുട്ടി ഹാജി പള്ളുരുത്തി, എസ്.വി മുഹമ്മദ്, അബ്ദുൽജബ്ബാർമൗലവി, എ.പി അലി, പി.കെ അബ്ദുല്ലാ കുട്ടി, ടി.കെ ഹുസൈൻ, ടി.എം ഹൈദ്രോസ്, കെ.യു ഹംസ എന്നിവർ.

അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചിയുടെ കടലോരങ്ങളിൽ 1949ൽ കൊളുത്തിവെച്ച ഇസ്‌ലാമിക നവോത്ഥാന പ്രഭ ഇന്നും അവിടെ പ്രശോഭിച്ചു നിൽക്കുന്നു. 1978ൽ ജമാഅത്ത് പ്രവർത്തകർ മുൻകൈയെടുത്ത് സ്ഥാപിച്ച ദഅ്‌വത്തുൽ ഇസ്‌ലാം ട്രസ്റ്റിനു കീഴിൽ മദ്റസ, ഇംഗ്ലീഷ്മീഡിയം സ്കൂൾ, പലിശരഹിത നിധി, സക്കാത്ത് കമ്മിറ്റി, സൗജന്യ ഹോമിയോ ചികിത്സ എന്നിവ നടന്നുവരുന്നു.

വിദ്യാഭ്യാസ സേവനരംഗത്ത് പ്രവർത്തിക്കുന്ന കൊച്ചിയിലെ ജമാഅത്ത് പ്രവർത്തകർ നേതൃത്വം കൊടുക്കുന്ന മറ്റു ട്രസ്റ്റുകളാണ് അൽ അമീൻ ചാരിറ്റബിൾ ട്രസ്റ്റ് തോപ്പുംപടി, ഹിറാ ചാരിറ്റബിൾ ട്രസ്റ്റ് ചുള്ളിക്കൽ, ബിലാൽചാരിറ്റബിൾ ട്രസ്റ്റ് പനയപ്പിള്ളി, ഇസ്‌ലാമിക് ഡവലപ്മെന്റ് അസോസിയേഷൻ കൊച്ചങ്ങാടി, ദാറുസ്സലാംചാരിറ്റബിൾ ട്രസ്റ്റ് കപ്പലണ്ടിമുക്ക് തുടങ്ങിയവ. ■

(തുടരും)